പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 381

25/06/2014-ൽ മറുപടിയ്ക്ക്

## ദേവസ്വം ഭൂമി കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. റ്റി.വി. രാജേഷ്. | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ദേവസ്വം ഭൂമിയിൽ വ്യാപകമായി കയ്യേറ്റം നടക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിരുന്നോ; | എ) അതാത് ദേവസ്വം ബോർഡുകളുടെ കീഴിൽ അന്വേഷണങ്ങൾ നടത്തിയിരുന്നു. |
| ബി) അന്യാധീനപ്പെട്ട ദേവസ്വം ഭൂമിയെക്കുറിച്ചുള്ള വിശദാംശം ലഭ്യമാണോ; | ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ അധീനതയിലുള്ള വിവിധ ഗ്രൂപ്പുകളിലെ വസ്തുക്കളിലായി ഏകദേശം 494 ഏക്കർ ഭൂമി അനധികൃതമായി കയ്യേറ്റം നടന്നിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.<br>കൂടൽമാണിക്യം ദേവസ്വത്തിൻെറ 1.81½ ഏക്കർ ഭൂമി കയ്യേറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.<br>കൊച്ചിൻ ദേവസ്വം ബോർഡിൽ ഇതിനകം അളന്ന് തിട്ടപ്പെടുത്തിയ ഭൂമികളിൽ ആകെ 8.8671 ഹെക്ടർ ഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.<br>മലബാർ ദേവസ്വം ബോർഡിൽ ലഭ്യമായ കണക്കുകൾ പ്രകാരം 24693.24 ഏക്കർ ഭൂമിയിൽ കയ്യേറ്റം നടന്നതായി കണക്കാക്കിയിരുന്നു. |
| സി) ദേവസ്വം ഭൂമി കയ്യേറ്റം തടയുവാനും പന്തല്ലൂർ ക്ഷേത്രത്തിൻേറതുൾപ്പെടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക വസ്തുവിലെ അനധികൃത കയ്യേറ്റം തടയുവാനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുവാനുമുള്ള നടപടി സ്വീകരിക്കുന്നതിന് പ്രത്യേക യൂണിറ്റ് രൂപീകരിച്ചിട്ടുള്ളതും, ലാൻറ് സ്പെഷ്യൽ ഓഫീസർ, സ്പെഷ്യൽ തഹസിൽദാർ എന്നിവരെ നിയമിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.<br>കൊച്ചിൻ ദേവസ്വം ഭൂമികളിലെ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം ക്ഷേത്ര |

ഭൂമികൾ അളന്നു തിട്ടപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ഒഴിവാക്കിവരുന്നു. 3.2657 ഹെക്ടർ ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് എടുത്തിട്ടുണ്ട്. പല കയ്യേറ്റ കേസുകളിലും അളവ് കഴിയുന്ന മുറയ്ക്ക് ആർ.ഡി.ഒ കോടതികളിൽ കക്ഷികൾ അപ്പീൽ നൽകി കേസുകൾ നിലനിൽക്കുന്നു.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കെ.എൽ.സി. യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലാണ്. കൂടാതെ ക്ഷേത്ര സ്വത്ത് സംബന്ധിച്ച് വ്യവഹാരങ്ങൾ നടത്തുന്നതിൽ ക്ഷേത്രഭരണാധികാരികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായിട്ടുണ്ട്. ശ്രീ പന്തല്ലൂർ ക്ഷേത്രഭൂമി സംബന്ധിച്ച് പന്തല്ലൂർ ദേവസ്വം ട്രസ്റ്റി സാമൂതിരി രാജയും ക്ഷേത്രസംരക്ഷണ സമിതി പ്രസിഡൻറ് ശ്രീ കെ.പി. മണികണ്ഠനും ഫയൽ ചെയ്ത ഹർജിയിന്മേലുള്ള ഏറനാട് അഡീഷണൽ തഹസിൽദാരുടെ ഉത്തരവിലും തുടർന്ന് ആർ.ഡി.ഒ. മുമ്പാകെയുള്ള അപ്പീൽ ഹർജിയിലെ ഉത്തരവിലും മലബാർ ദേവസ്വം ബോർഡ് കക്ഷിയായിരുന്നില്ല. പ്രസ്തുത ഉത്തരവുകൾ ദേവസ്വത്തിന് അനുകൂലമായിരുന്നു. ദേവസ്വത്തിന് അനുകൂലമായ ഉത്തരവിനെതിരെ ഹർജിക്കാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും റിവിഷൻ ഹർജിയിൽ പ്രസ്തുത ഭൂസ്വത്തിൻെറ നിലവിലുള്ള സ്റ്റാറ്റസ് പ്രകാരം സർക്കാർ ഭൂമിയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയുമുണ്ടായിട്ടുണ്ട്. ഈ ഉത്തരവിനെതിരെ ദേവസ്വം ട്രസ്റ്റി ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഡബ്ല്യൂ.പി.(സി) നം. 9391/08 ൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ